04.07.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 50(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 908/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 30**

ശ്രീ. എം.മുഹമ്മദ് റാഫി,
വി.പി. 1/33, എൻ.പി. നഗർ ലെയിൻ-1,
ഹൗസ് നം. 14, പേരൂർക്കട പി.ഒ.,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള കരകൗശല വികസന കോർപ്പറേഷൻ,
കേന്ദ്രകാര്യാലയം, പുത്തൻചന്ത,
തിരുവനന്തപുരം

2) അപ്പീൽ അധികാരി &
മാനേജർ ഗ്രേഡ് -2,
കേരള കരകൗശല വികസന കോർപ്പറേഷൻ,
കേന്ദ്രകാര്യാലയം, പുത്തൻചന്ത,
തിരുവനന്തപുരം } എതിർകക്ഷികൾ

# അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 31.03.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഒന്നാം എതിർകക്ഷി ആയിരുന്ന ശ്രീ. ബിജു പ്രകാശ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ശ്രീ. മുഹമ്മദ് റാഫി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ക്രമനമ്പർ 5 പ്രകാരമുള്ള ചോദ്യത്തിന് ലഭ്യമായ രേഖയാണ് നൽകിയിട്ടുള്ളതെന്നും ക്രമനമ്പർ 7 പ്രകാരമുള്ള ചോദ്യം അവ്യക്തമായിരുന്നു എന്നും ക്രമനമ്പർ 11 പ്രകാരമുള്ള ചോദ്യം മൂന്നാം കക്ഷി വിവരം എന്ന അനുമാനത്തിൽ പ്രസ്തുത കക്ഷികൾക്ക്, വിവരം നൽകുന്നത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് അയയ്ക്കുകയും തുടർന്ന് ദിവസങ്ങൾക്ക് ശേഷം ടി കക്ഷികൾ വിവരം നൽകേണ്ടതില്ല എന്ന് ഫോൺ

മുഖാന്തിരം അറിയിക്കുകയുണ്ടായി എന്നും ഇക്കാരണത്താലാണ് 30 ദിവസത്തെ സമയപരിധിക്കുള്ളിൽ മറുപടി നൽകുവാൻ സാധിക്കാതിരുന്നതെന്നും നൽകിയ മറുപടിയിൽ ഒപ്പ് രേഖപ്പെടുത്താതെയും പകർപ്പുകൾ സാക്ഷ്യപ്പെടുത്താതെയും നൽകിയത് നോട്ടപ്പിശക് മൂലം സംഭവിച്ചതാണെന്നും എസ്.പി.ഐ.ഒ. എന്ന നിലയിൽ കേവലം ഒരു വർഷത്തിൽ താഴെയുള്ള പരിചയം മാത്രമേയുള്ളു എന്നും കമ്മീഷൻ ഉത്തരവിൽ നിർദ്ദേശിച്ച വിവരങ്ങൾ/രേഖകൾ 6.4.2022 തീയതി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ആയതിനാൽ തന്റെ ഭാഗത്ത് നിന്നും മേൽ വിഷയത്തിലുണ്ടായ വീഴ്ചകൾ മനഃപൂർവ്വമല്ലാത്തതാകയാൽ ടി വിശദീകരണം കണക്കിലെടുത്ത് സംഭവിച്ച വീഴ്ചകൾ മാപ്പാക്കണമെന്നുമാണ്.

2. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ ഒന്നാം എതിർകക്ഷിയായ ശ്രീ. ബിജു പ്രകാശ് ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ, ആയത് പൂർണ്ണമായും തൃപ്തികരമല്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ കാലതാമസം വരുത്തി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതും നൽകിയ മറുപടിയിൽ ഒപ്പു വയ്ക്കാതെയും, പകർപ്പുകൾ സാക്ഷ്യപ്പെടുത്താതെ തെറ്റായ മറുപടി നൽകിയതും ശിക്ഷാർഹമായതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ബിജു പ്രകാശിനെ ശിക്ഷിക്കുവാനും പിഴ ശിക്ഷയായി 1000/- (ആയിരം) രൂപ ടിയാനിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ടി പിഴ സംഖ്യ 30.07.2022 നകം "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാന്റെ സ്ഥാവരജംഗവസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ മാസം 30-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us